അഴിമതി നിവാരണ വകുപ്പിൽ മൂന്ന് വർഷത്തിലൊരിക്കൽ സ്ഥലംമാറ്റം ഏർപ്പെടുത്താൻ നടപടി

47 [131] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിവാരണ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ പദവി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഒരേ സീറ്റിൽ ഈ വകുപ്പിൽ എത്ര വർഷമാണ് ജീവനക്കാരെ തുടരാൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മൂന്നിൽ കൂടുതൽ വർഷമായി ഒരേ സീറ്റിൽത്തന്നെ തുടരുന്ന എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) നോൺ ഗസറ്റഡ് ജീവനക്കാർക്ക് ഗസറ്റഡ് പദവിയിൽ പ്രൊമോഷൻ ലഭ്യമാകുമ്പോൾ സീറ്റുകൾ മാറ്റാതെ താഴത്തെ പോസ്റ്റ്തന്നെ ഉയർത്തിനൽകുന്ന സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വളരെക്കാലം ഒരേ സീറ്റിൽ ഒരാൾത്തന്നെ ജോലി ചെയ്യുന്ന രീതി മാറ്റി മൂന്നു വർഷം കഴിയുമ്പോൾ സീറ്റ് മാറ്റി നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി ഉത്തരവാകുമോ?

ഉത്തരം

എ) അഴിമതി നിവാരണ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 266 തസ്തികകൾ നിലവിലുണ്ട്.

(ബി)

മാനേജർ	..	1
അക്കൗണ്ട്സ് ഓഫീസർ	..	1
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	..	1
സീനിയർ സൂപ്രണ്ട്	..	12
ജൂനിയർ സൂപ്രണ്ട്	..	15
ഹെഡ് ക്ലാർക്ക്	..	7
ക്ലാർക്ക്	..	118
ടൈപ്പിസ്റ്റ്	..	42
ഫെയർ കോപ്പി സൂപ്രണ്ട്	..	1
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	..	55
പ്യൂൺ	..	17
അറ്റൻഡർ	..	1

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ പ്രത്യേക കാലയളവൊന്നും നിശ്ചയിച്ചിട്ടില്ല.

(ഡി) 30 ജീവനക്കാരുണ്ട്.

(ഇ) വിജിലൻസ് ബ്യൂറോയിൽ ഇത്തരം സംവിധാനം നടപ്പിലാക്കിയിട്ടില്ല.

(എഫ്) ബ്യൂറോയുടെ പ്രവർത്തനത്തിന്റെ പ്രത്യേകതകളാലും അതിന്റെ സുഗമമായ നടത്തിപ്പിനും മൂന്ന് വർഷം കഴിയുമ്പോൾ ജീവനക്കാരെ സീറ്റ് മാറ്റി നൽകുന്ന രീതി പ്രായോഗികമല്ല.

ഉപ്പളയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി

48 [132] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉപ്പളയിലെ നിർദ്ദിഷ്ട ഫയർ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും;

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് ഏർപ്പെടുത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള ഫയർ സ്റ്റേഷനുകളുടെ പ്രയോറിറ്റി ലിസ്റ്റ് നൽകുമോ?

ഉത്തരം

(എ) നിലവിലുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ 28-ാമതായി ഉപ്പള ഉൾപ്പെടുത്തിയിട്ടുണ്ട്. മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് ഒരുക്കുന്ന കെട്ടിടത്തിലെ സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഉപ്പള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുറക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.†

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly